8. എൽ.റ്റി., എച്ച്.റ്റി. ലൈനിന്റെ അനുപാതം 1:1 ആക്കുക.
9. പഴയ ലൈനുകൾ മാറ്റി പുതിയവ വലിക്കുക.
10. ലൈനുകളിൽ തട്ടിനിൽക്കുന്ന വൃക്ഷതലപ്പുകളും മറ്റും മുറിച്ച് മാറ്റുക.
11. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
12. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

പഴകിയ മീറ്ററുകൾ

62 (1214) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹികവും മറ്റുമായ കണക്ഷനുകൾക്ക് വളരെ വർഷങ്ങൾ പഴകിയ മീറ്ററുകളാണ് ഉപയോഗിച്ചു വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം ഉപഭോക്താക്കൾ വളരെ പ്രയാസങ്ങൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ കണക്ഷൻ നൽകുവാൻ പുതിയ മീറ്ററുകളോ, തകരാറില്ലാതെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന പഴയ മീറ്ററുകളോ ആണ് ഉപയോഗിക്കുന്നത്.

(ബി&സി) നല്ല രീതിയിൽ പ്രവർത്തിക്കാത്ത മീറ്ററുകൾ കഴിയുന്നതും വേഗം മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ, കേടായതും തെറ്റായി പ്രവർത്തിക്കുന്നതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് ബോർഡ് രൂപം കൊടുത്തിട്ടുണ്ട്.

വൈദ്യുതി മേഖലയിലെ വിവിധ പദ്ധതികൾ

63 (1215) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മേഖല നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രയാളുകൾക്ക് പുതിയ കണക്ഷൻ നൽകി ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര സബ്സ്റ്റേഷനുകൾ ആരംഭിച്ചു ;

(ഡി) എത്ര സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി ;

(ഇ) വൈദ്യുതി മേഖലയിൽ എത്ര കോടി രൂപ ഈ കാലയളവിൽ മുതൽ മുടക്കി ;

(എഫ്) വൈദ്യുതിയുടെ പ്രസരണവിതരണ നഷ്ടം ഇല്ലാതാക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉല്പാദനമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1.	പേപ്പാറ	-	3 മെഗാവാട്ട്
2.	ബ്രഹ്മപുരം	-	106.6 മെഗാവാട്ട്
3.	ലോവർ പെരിയാർ	-	180 മെഗാവാട്ട്
4.	മാട്ടുപ്പെട്ടി	-	2 മെഗാവാട്ട്
5.	കായംകുളം എൻ.ടി.പി.സി.	-	359.5 മെഗാവാട്ട്
6.	കൊച്ചി, സി.എസ്.ഇ.എസ്.	-	165 മെഗാവാട്ട്
7.	പെരിങ്ങൽകുത്ത് ലെഫ്റ്റ്സാങ്ക്	-	16 മെഗാവാട്ട്
8.	കക്കാട്	-	50 മെഗാവാട്ട്
9.	കോഴിക്കോട് ഡീസൽ നിലയം	-	128 മെഗാവാട്ട്
10.	കാസർകോട് പവർ കോർപ്പറേഷൻ	-	21 മെഗാവാട്ട്
11.	കുറ്റ്യാടി എക്സ്റ്റൻഷൻ	-	50 മെഗാവാട്ട്

കൂടാതെ താഴെപ്പറയുന്ന ഉൽപ്പാദന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	-	100 മെഗാവാട്ട്
2.	മലമ്പുഴ	-	2.5 മെഗാവാട്ട്
3.	കുറ്റ്യാടി ടെയിൽ റേസ്	-	3.75 മെഗാവാട്ട്
4.	മലങ്കര	-	10.50 മെഗാവാട്ട്
5.	ചെമ്പുകടവ് (ഒന്നാം ഘട്ടം)	-	2.70 മെഗാവാട്ട്
6.	ചെമ്പുകടവ് (രണ്ടാം ഘട്ടം)	-	3.75 മെഗാവാട്ട്
7.	ഉറുമി (ഒന്നാം ഘട്ടം)	-	3.75 മെഗാവാട്ട്
8.	ഉറുമി (രണ്ടാം ഘട്ടം)	-	2.40 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

9.	ഭൂതത്താൻ കെട്ട്	-	16 മെഗാവാട്ട്
10.	ഉള്ളുങ്കൽ	-	7 മെഗാവാട്ട്
11.	കാരിക്കയം	-	15 മെഗാവാട്ട്
12.	കൂത്തുങ്കൽ	-	21 മെഗാവാട്ട്
13.	ഡി.സി.പി. ക്രാസർകോട്	-	107 മെഗാവാട്ട്
14.	ആതിരപ്പള്ളി	-	163 മെഗാവാട്ട്

(കോടതി ഇടപെടൽ മൂലം പദ്ധതി നിർത്തിവച്ചിരിക്കുന്നു)

(ബി) 16,55,726 പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) 128 സബ്സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു.

(ഡി) 44 സബ്സ്റ്റേഷനുകൾ.

(ഇ) 2000 മാർച്ച് 31 വരെ വൈദ്യുതി മേഖലയിൽ 2426.14 കോടി രൂപ മുതൽ മുടക്കിയിട്ടുണ്ട്. 2000-2001 വർഷത്തിലെ കണക്കുകൾ തയ്യാറായിട്ടില്ല.

(എഫ്) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള സബ്സ്റ്റേഷനുകൾ അപ്ഗ്രേഡ് ചെയ്യുക.
2. നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക.
3. പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിക്കുക.
4. 33 കെ.വി. സബ്സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കുക.
5. 400 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുക.
6. വിവിധ സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കുക.
7. സിംഗിൾഫെയ്സ് ലൈനുകൾ ത്രീഫെയ്സ് ലൈനുകളാക്കി മാറ്റുക.
8. എൽ.റ്റി., എസ്സ്.റ്റി. ലൈനിന്റെ അനുപാതം 1:1 ആക്കുക.
9. പഴയ ലൈനുകൾ മാറ്റി പുതിയവ വലിക്കുക.
10. ലൈനുകളിൽ തട്ടിനിൽക്കുന്ന വൃക്ഷതലപ്പുകളും മറ്റും മുറിച്ച് മാറ്റുക.
11. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
12. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

ജലവൈദ്യുത പദ്ധതികൾ

64 (1216) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly